പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 487 | 21.10.2011ൽ മറുപടിയ്ക്ക് |
|---|---|

**അമ്മമാർക്കും കുഞ്ഞുങ്ങൾക്കും അംഗൻവാടികളിൽ നിന്ന് സേവനങ്ങൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, സി. കെ. സദാശിവൻ<br>,, ബി. സത്യൻ<br>,, ബി. ഡി. ദേവസ്സി | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | എല്ലാ കുഞ്ഞുങ്ങൾക്കും അംഗൻവാടി സേവനം ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; | (എ)<br>സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അംഗൻവാടികൾ മുഖേന അർഹരായ എല്ലാ കുഞ്ഞുങ്ങൾക്കും ആരോഗ്യം, പോഷണം, ശൈശവകാല പരിചരണം, വിദ്യാഭ്യാസം എന്നീ സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്ക് പൂരക പോഷകാഹാരവും ആരോഗ്യ - വിദ്യാഭ്യാസവും വൈദ്യപരിശോധന മുതലായ സേവനങ്ങളും അംഗൻവാടി കേന്ദ്രങ്ങൾ വഴി ലഭ്യമാക്കിയിട്ടുണ്ടോ; | (ബി)<br>അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം, ആരോഗ്യ പോഷണ വിദ്യാഭ്യാസം എന്നിവ ഐസിഡിഎസിന് കീഴിലുള്ള അംഗൻവാടികളിലൂടെയും ആരോഗ്യ പരിശോധന, പ്രതിരോധ കുത്തിവയ്പ് കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങളുടെയും ലഘുവായ അസുഖങ്ങളുടെയും തിരിച്ചറിയലും ചികിത്സയും ആരോഗ്യവകുപ്പ് മുഖേനയും കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്ക് ലഭ്യമാക്കി വരുന്നുണ്ട്. |

| | | |
|---|---|---|
| (സി) | ഇല്ലെങ്കിൽ അതിനുള്ള നടപടികൾ എന്തൊക്കെയാണ്; ഇപ്പോൾ എത്ര അംഗൻവാടികളുണ്ട്; ഒരു അംഗൻ വാടിയിൽ നിന്ന് ശരാശരി എത്ര പേർക്ക് സേവനങ്ങൾ ലഭ്യമാണ്; | (സി) സംസ്ഥാനത്ത് അനുവദിച്ച 33115 അംഗൻവാടികളിൽ നിലവിൽ 33080 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. ഒരു അംഗൻവാടിയിൽ നിന്ന് ശരാശരി 40 കുട്ടികൾക്കും ശരാശരി 20 മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്കും സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. |
| (ഡി) | അംഗൻവാടികളിൽ നിന്നുള്ള സേവ നങ്ങൾക്ക് പകരം ഉപഭോക്താക്കൾ പണം നല്കി സേവനങ്ങൾ മാർക്ക റ്റിൽ നിന്ന് നേരിട്ട് വാങ്ങട്ടെ എന്ന നിലയിലുള്ള അപ്രായോഗികമായ നിർദ്ദേശങ്ങൾ വീണ്ടും പുനരുജ്ജീവി പ്പിക്കാൻ കേന്ദ്രത്തിൽ ശ്രമം നട ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ പദ്ധതി ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങളാണിതിന്റെ പിന്നിലെന്ന് മനസ്സിലായിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ